എന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മരണകാര്യങ്ങൾ മരാമത്തുവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. അത് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരിക്കും. ഏതായാലും മരാമത്തു വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

## (9) കാട്ടാക്കട താലൂക്ക് രൂപീകരണം

ശ്രീ. കെ. പങ്കജാക്ഷൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു കേന്ദ്രമാണ് കാട്ടാക്കട. ആ പ്രദേശവും അതിന്റെ പരിസരത്തുള്ള പഞ്ചായത്തുകളും ചേർന്ന് ഒരു താലൂക്ക് രൂപീകരിക്കണമെന്നുള്ള നിർദ്ദേശം വളരെ മുൻപുമുതലേ ഉള്ളതാണ്. വെള്ളോടി കമ്മീഷൻ ഉൾപ്പെടെ പരിശോധിച്ചിട്ടുള്ള ഒരു നിർദ്ദേശമാണ്. അതിനുശേഷം വിതുര കേന്ദ്രമാക്കി താലൂക്ക് വേണമെന്നുള്ള നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. താലൂക്ക് രൂപീകരണം സംബന്ധിച്ചും പുനർവിഭജനം സംബന്ധിച്ചും പരിശോധിച്ച വെള്ളോടി കമ്മീഷൻ ഇക്കാര്യത്തിൽ കാട്ടാക്കടയുടെ പ്രാധാന്യം വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതായിരുന്നു. അവിടെയുള്ള എല്ലാ രാഷ്ട്രീയ കക്ഷികളും ഭിന്നാഭിപ്രായമില്ലാതെ ഇക്കാര്യത്തിൽ മുന്നോട്ടു വന്നിട്ടുള്ളതാണ്. മേൽനടപടികളുണ്ടാകാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്പോൾ അവിടെ നിരാഹാര സത്യാഗ്രഹം നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായ പരിഗണന ഉണ്ടാകേണ്ടതാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നല്ല സമീപനം സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താലൂക്കുകൾ പുനർവിഭജിക്കുന്ന കാര്യവും പുതിയ താലൂക്കുകൾ ഉണ്ടാക്കുന്ന കാര്യവും വളരെക്കാലമായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതാണ്. പ്രായോഗികമായ ബുദ്ധിമുട്ടുകൾകൊണ്ട് അതിൽ വലിയ പുരോഗതിയുണ്ടായിട്ടില്ല. മൊത്തത്തിൽ താലൂക്കുകൾ രൂപീകരിക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനം എടുക്കുന്ന സമയത്ത് കാട്ടാക്കടയുടെ കാര്യവും പരിഗണിക്കുന്നതാണ്.

## (10) ചീരുണ്ണി കാർത്തികേയന്റെ സംശയാസ്പദമായ മരണം

ശ്രീമതി കെ. ആർ. ഗൗരി: സർ, കോടംതുരുത്ത് പഞ്ചായത്തിൽ ഒന്നാം വാർഡിൽ പുനത്തറ വീട്ടിൽ ചീരുണ്ണി മകൻ കാർത്തികേയൻ 1-6-1986-ൽ കൊലപാതകമെന്ന് സംശയിക്കപ്പെട്ട വിധത്തിൽ അദ്ദേഹത്തിന്റെ തന്നെ പണിതീരാത്ത വീട്ടിൽ കാലുരണ്ടും താഴെകുത്തിക്കൊണ്ട് കെട്ടിത്തൂങ്ങി നിൽക്കുന്നതായി കാണപ്പെട്ടു. അതിനെ സംബന്ധിച്ച് നാട്ടുകാർ പ്രതിഷേധിക്കുകയും അതൊരു കൊലപാതകമാണെന്നുള്ള നിലയിൽ പോലീസിൽ പരാതി കൊടുക്കുകയും ചെയ്തു. സാക്ഷിപറയുന്നതിനുവേണ്ടി ആളുകൾ പേരുകൊടുത്തിട്ടും ഇന്നുവരെ പോലീസ് അതിനെപ്പറ്റി അന്വേഷിക്കുകയോ, കേസ് രജിസ്റ്റർ ചെയ്യുകയോ മറ്റ് കാര്യങ്ങൾ ചെയ്യുകയോ ചെയ്തിട്ടില്ല. അത് ഒരു ആത്മഹത്യയാണെന്ന് പറഞ്ഞ് കേസ് തള്ളിക്കളയുകയാണ് ചെയ്തത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇതുവരെ പോലീസ് പുറത്തു കൊണ്ടുവന്നിട്ടില്ല. ചീരുണ്ണി കാർത്തികേയൻ തൂങ്ങി മരിക്കത്തക്ക യാതൊരു സാഹചര്യവുമില്ലായിരുന്നു. അദ്ദേഹം ഒരു എക്സ് സർവ്വീസ്മാനാണ്, നേവൽ ബേസിൽ ദ്രോണാചാര്യയിൽ ജോലിയിലി

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. കഴിഞ്ഞ കുറേകാലങ്ങളായി ചീരുണ്ണി കാർത്തികേയന്റെ വീടിന്റെ പുറകിൽ താമസിക്കുന്ന മട്ടുമ്മേൽ ജോസഫിന്റെ വീട്ടിലേക്ക് റോഡുണ്ടാക്കാൻ, നേരത്തേയുണ്ടായിരുന്ന വഴി മാറ്റി ഒരു റോഡിനു Panchayat Executive Officer sanction കൊടുത്തു. ചീരുണ്ണി കാർത്തികേയന്റെ വീടിന്റെ തൊട്ടു തെക്കു വശത്തുകൂടി റോഡ് കൊണ്ടുപോകാൻ സംരംഭം നടന്നു. അതുകൊടുക്കാൻ കഴിയുകയില്ല എന്നും പത്ത് സെന്റ് മാത്രമേയുള്ളുവെങ്കിലും മുൻവശം തരാമെന്നു പറഞ്ഞുകൊണ്ട് കിഴക്കുവശത്തുകൂടി റോഡിന് സ്ഥലം കൊടുക്കുകയും ആ സ്ഥലം മുഴിച്ച് തന്റെ സ്ഥലം വേലികെട്ടി ഉറപ്പിക്കുകയും ചെയ്തതാണ്. വീട് പണിതു കൊണ്ടിരുന്നപ്പോഴാ തർക്കമുണ്ടായി. ആ വീട് പണിയിക്കുകയില്ല എന്ന് പറഞ്ഞ് മട്ടുമ്മേൽ ജോസഫ് ഇടപെട്ടതിന്റെ ഫലമായി തർക്കം ഉണ്ടാകുകയും കാർത്തികേയന്റെ ഭാര്യ രാധയെ രണ്ടുപ്രാവശ്യം തെങ്ങിൽ കെട്ടിവച്ച് മട്ടുമ്മേൽ ജോസഫിന്റെ ആളുകൾ മർദ്ദിക്കുകയും ചെയ്തു. രാധ ഒരു മാസത്തോളം ആശുപത്രിയിൽ കിടന്നു. അതിന് പോലീസ് കേസെടുത്തില്ല. കേസ് എടുക്കാത്തതിന്റെ ഫലമായി, സി.സി .540/85 നമ്പരിൽ പ്രൈവറ്റായിട്ട് അന്യായം കൊടുത്തു. തർക്കത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് പ്രതികാരം തീർക്കുന്നതിനുവേണ്ടി കാർത്തികേയന്റെ പേരിൽ സി.സി. 474/85, 484/85, 1102/85, സി. ജി. 107/86, 201/86 എന്നീ നമ്പരുകളിൽ അഞ്ച് കേസുകൾ എടുത്തു. അതുകൊണ്ടും തീരാഞ്ഞിട്ട് തല്ലിക്കൊല്ലുമെന്ന് ജോസഫ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കാർത്തികേയൻ ഡി. എസ്. പി. ക്ക് പെറ്റീഷൻ കൊടുത്തു. അത് അന്വേഷിക്കാതെ വന്നപ്പോൾ എക്സ്-സർവ്വീസ് മെൻ ബോർഡിൽ അപേക്ഷ കൊടുത്തു. ആ ബോർഡിൽ നിന്ന് ആളും വന്ന് അന്വേഷണം നടത്തിയ അന്നു രാത്രിയിലാണ് ഈ കൊലപാതകം നടന്നത്. കാർത്തികേയൻ കെട്ടിത്തൂങ്ങി മരിക്കത്തക്കയാതൊരു സാഹചര്യവുമില്ല. മരിച്ച കാർത്തികേയൻ ഉടുത്തിരുന്ന മുണ്ട് അദ്ദേഹത്തിന്റേതല്ല. കെട്ടിത്തൂങ്ങിയിരുന്ന കയറിയും അദ്ദേഹത്തിന്റേതല്ല. മാർഗ്ഗശ്രീ എന്നു പറഞ്ഞ സ്ത്രീയുടെ വീടിന്റെ മുൻപിൽ പിടിവലി നടന്നതിന്റെ പാടുണ്ടായിരുന്നത് ആ വീടിന്റെ മുൻപിൽ ജനങ്ങൾ കാണിച്ചു കൊടുത്തിട്ട് ആ പാട് ചെരിപ്പിട്ട് മായിച്ച് കളയുകയും കേസെടുക്കാതിരിക്കുകയും ചെയ്തു. ഇത് ഒരു കൊലപാതകമാണ്. കുറേ പണമുള്ളയാളുകൾ ഈ നാട്ടിലുണ്ടായാൽ പാവപ്പെട്ടവർക്ക് ജീവിക്കാൻ ആവുകയില്ലെന്ന സ്ഥിതി വന്നിരിക്കുന്നു. കാർത്തികേയൻ കോൺഗ്രസ്കാരൻകൂടിയാണ്. പോലീസ് കേസ് എടുക്കുകയുമില്ല, ഇവർക്ക് സംരക്ഷണം കൊടുക്കുകയുമില്ല. ദയവുചെയ്ത് അവിടുത്തെ ഇൻസ്പെക്ടറെ സ്ഥലംമാറ്റി ഏതെങ്കിലും വിധത്തിൽ മാറ്റി ആരെയെങ്കിലും കൊണ്ട് അന്വേഷിപ്പിച്ച് കേസ് രജിസ്റ്റർ ചെയ്ത് നാട്ടുകാരുടെ പരാതിക്ക് പരിഹാരം കാണണം. അവിടത്തെ എല്ലാ പാർട്ടിക്കാരും ചേർന്ന് പോലീസിന്റെ നിലപാടിനെതിരായി ഒരു കമ്മിറ്റി ഉണ്ടാക്കിയിരിക്കുകയാണ്. ഏറ്റവും വേഗം കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ടന്വേഷിപ്പിച്ച് കുറ്റക്കാരുടെ പേരിൽ കേസ് ചാർജ് ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ.കരുണാകരൻ): സർ, മേയ് മാസം 31-ാം തീയതി കാർത്തികേയൻ അദ്ദേഹത്തിന്റെ വീടിന്റെ ഉത്തരത്തിൽ തൂങ്ങിമരിച്ചതായി കാണപ്പെട്ടു. പോസ്റ്റ്മോർട്ടം നടത്തി. ആ റിപ്പോർട്ടിൽ ഒരു തൂങ്ങിമരണമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കാല് നിലത്തുകുത്തിയാൽ, തുങ്ങിമരണമല്ലെന്നുള്ളതാണ് പൊതുവേയുള്ള ഒരു ധാരണ. തൂങ്ങിമരിക്കുന്നയവസരത്തിൽ ഒരുമീനിട്ട് വേണ്ട കുഴുത്തിലെ ഭാഗം പൊട്ടാൻ. അങ്ങനെ പൊട്ടി ഭാരംകൊണ്ട് കാൽ നിലത്തുകുത്തിയിരിക്കും. എന്തായാലും ബഹുമാനപ്പെട്ട ഗൗരിയമ്മ സംശയാസ്പദമായ നിലയിലാണ് ഈ സംഭവം നടന്നതെന്ന് വിശദീകരിച്ചതുകൊണ്ട് അതിനെക്കുറിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് പ്രത്യേകമായി അന്വേഷിപ്പിക്കാം.

## (11) കേരള യൂണിവേഴ്സിറ്റിയുടെ ഡിഗ്രി പരീക്ഷാഫലം

ശ്രീ. എ.പി. ഉദയകുമാർ: സർ, കേരള സർവ്വകലാശാലയുടെ ബി–ഡിഗ്രി പരീക്ഷാഫലം ഇന്നലെ പ്രസിദ്ധീകരിച്ചുവെന്നാണ് ഇന്നലെ രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ സഭ പിരിയുന്ന സമയം വരെ അത് പ്രസിദ്ധീകരിച്ചു കാണായ്കയാൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ.വി.കെ.രാജൻ അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. വീണ്ടും ആവർത്തിച്ച് ആധികാരികമായിതന്നെ, പ്രസിദ്ധീകരിച്ചുവെന്ന് മന്ത്രി പറഞ്ഞു. പക്ഷേ ഇന്നലെ ആറ്, ആറര മണിക്കുശേഷമാണ് കേരളസർവ്വകലാശാലയിൽ നിന്നും ഈ ബി–ഡിഗ്രി പരീക്ഷാഫലത്തെ സംബന്ധിച്ച പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചത്. ആ കടലാസ് എന്റെ കയ്യിലുണ്ട്. അതിൽ 89000 വിദ്യാർത്ഥികളും പരീക്ഷയെഴുതിയതിന്റെ ഫലപ്രഖ്യാപനമാണുമില്ല. ആകെ ഒൻപതു പേരുടെ റാങ്ക് ലിസ്റ്റും 21.6% വിദ്യാർത്ഥികളാണ് ജയിച്ചിട്ടുള്ളതെന്ന ഇൻഫർമേഷനുമൊഴിച്ച്, ജയിച്ച വിദ്യാർത്ഥികളുടെ റിസൽട്ടോ അതിന്റെ നമ്പരോ യാതൊന്നുംതന്നെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിനെയാണ് റിസൽട്ട് പ്രസിദ്ധീകരിച്ചുവെന്ന് പറഞ്ഞത്. റിസൽട്ട് പ്രസിദ്ധീകരിച്ചുവെന്നു പറഞ്ഞാൽ ഇന്നുവരെയുള്ള കീഴ്വഴക്കം ജയിച്ച വിദ്യാർത്ഥികളുടെ നമ്പരും കാര്യങ്ങളുമൊക്കെ പത്രം ആഫീസുകളിലും, അത് പ്രസിദ്ധീകരിക്കുന്ന സ്ഥാപനങ്ങളിലുമൊക്കെ എത്തിക്കുകയെന്നുള്ളതാണ്. അങ്ങനെ യാതൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല. എന്നിട്ട് സഭയെ തെറ്റിദ്ധരിപ്പിച്ച്, ആവർത്തിച്ച് പ്രഖ്യാപിച്ചത്, ഈ സഭയോടുള്ള അവകാശലംഘനമാണ്, അവഹേളനമാണ്. അതിലും വിശേഷിച്ച് പ്രസിദ്ധീകരിച്ചത് 21.6% വിദ്യാർത്ഥികളും കേരള സർവ്വകലാശാലയിൽ ജയിച്ചുവെന്നാണ്. ഈ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഇത്രയും ലജ്ജാകരമായിട്ടുള്ള ഒരു റിസൽട്ടുണ്ടായിട്ടുണ്ടോ? അത് വിദ്യാർത്ഥികളുടെ കുറ്റം കൊണ്ടാണോ? പ്രൊഫസർമാരുടെ കുറ്റം കൊണ്ടാണോ? ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ഇവിടെ പോയവർഷം സാമാന്യേന സമാധാനപരമായൊരു വിദ്യാഭ്യാസവർഷമായിരുന്നുവെന്നാണ് ഗവൺമെന്റ് അവകാശപ്പെട്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ സമരങ്ങളോ അല്ലെങ്കിൽ അദ്ധ്യാപകരുടെ സമരങ്ങളോ ഒന്നുമില്ലാത്ത ഏറെവും നല്ല നിലയിൽ വിദ്യാഭ്യാസം നടന്ന ഒരു വർഷത്തിൽ ഇത് ആരുടെ തകരാറുകൊണ്ടാണ് ചരിത്രത്തിലില്ലാത്ത ഇത്രയും ലജ്ജാകരമായൊരു റിസൽട്ട് ഉണ്ടായത്. ഇവിടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരു സ്തംഭനവുമില്ല, എല്ലാ കാര്യങ്ങളും മുറപോലെ നടക്കുന്നുവെന്ന് മന്ത്രി ഈ സഭ തുടങ്ങിയ അന്ന് അവകാശപ്പെട്ടു. അന്നേ ഞങ്ങളും പറഞ്ഞതാണ്, ഇവിടെ ശരിയായിട്ടല്ല പേപ്പർ വാല്യൂവേഷൻ നടക്കുന്നതെന്ന്. ചില കരിങ്കാലി അദ്ധ്യാപകരെക്കൊണ്ടുവന്ന് തോക്ക് ധരിച്ച പോലീസിന്റെ ബയണറ്റിന്റെ മുൻപിൽ നിറുത്തി നടത്തിയിട്ടുള്ള ഒരു വാല്യൂ

LIBRARY ARCHIVES Kerala Legislative Assembly